പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1620

08-06-2018 ൽ മറുപടിക്ക്

## പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണം

| ചോദ്യം<br>ശ്രീ.എ.എൻ. ഷംസീർ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചൊക്ലി ഗ്രാമപഞ്ചായത്തിലെ പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണത്തിന് കേരളാ സ്റ്റേറ്റ് ലാന്റ് ഡെവെലപ്മെന്റ് കോർപ്പറേഷൻ (KLDC) മുഖാന്തരം ഫണ്ട് അനുവദിക്കുന്നതിന് വേണ്ടി സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചൊക്ലി പഞ്ചായത്തിലെ പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 1100.64 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി എം.ഡി ലഭ്യമാക്കിയിരുന്നു. ലഭ്യമായ അപേക്ഷകൾ എല്ലാം ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. നബാർഡ് കെ.എൽ.ഡി.സി-യ്ക്ക് 35 കോടി രൂപയുടെ സെക്യുറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ച് നൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണം ഇപ്പോൾ പരിഗണിക്കാൻ കഴിയാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാർശ്വഭിത്തി നിർമ്മാണത്തിന് നബാർഡ് മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ